(i) കൂടുതൽ വില്പനശാലകൾ അനുവദിക്കുന്നതിന് സാമ്പത്തിക സഹായം.

(ii) ക്യാൻവാസിംഗ് ഏജന്റുമാർ മുഖേനയും ഏജൻസി വ്യവസ്ഥയുടെയും സഹായത്തോടെ വിപണന ശൃംഖല വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ.

(iii) വിവിധ മാധ്യമങ്ങളിലൂടെയുള്ള പരസ്യം വഴി കയറുല്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിനും കയർ ജിയോ-ടെക്സ്റ്റയിൽസിന്റെ ഉല്പാദനവും ഉപയോഗവും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ.

(iv) ടെൻഡർ, ക്വട്ടേഷൻ ഇവ കൂടാതെ കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോംമാറ്റിഗ്സ് എന്നിവയിൽ നിന്നും കയറുല്പന്നങ്ങൾ വാങ്ങുന്നതിന് സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും

1 (557) വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ നടപടി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ ഈ സർക്കാർ സ്വീകരിക്കുകയുണ്ടായി;

(ബി) വ്യാവസായിക മേഖലയിൽ ഗുജറാത്ത് പോലെയുള്ള സംസ്ഥാനങ്ങൾ കൈവരിച്ച നേട്ടങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായോ;

(സി) എങ്കിൽ ഈ നേട്ടങ്ങളെക്കുറിച്ച് പഠിച്ച് കേരളത്തിലെ വ്യവസായിക മേഖലയുടെ വികസനത്തിനായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അതു അനുബന്ധമായി നൽകിയിരിക്കുന്നു.†

(ബി)&(സി) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങളെല്ലാം തന്നെ വ്യവസായിക മേഖലയുടെ വികസനം ലക്ഷ്യമാക്കിയുള്ളതാണ്.

2 (558) വ്യവസായ യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്ന വ്യവസായ യൂണിറ്റുകൾക്ക് നൽകുന്ന 'മാർജിൻ മണി' ഇപ്പോൾ എത്രയാണ്?

(ബി) നോൺ റസിഡന്റ് കേരളീയർ സ്ഥാപിക്കുന്ന എസ്.എസ്.ഐ. യൂണിറ്റുകൾക്ക് 'മാർജിൻ മണി' ലോൺ സ്കീം നൽകുന്നുണ്ടോ?

(സി) സാങ്കേതിക യോഗ്യതയുള്ള എല്ലാ നോൺ റസിഡന്റ് കേരളീയരേയും 'മാർജിൻ മണി' ലോൺ സ്കീമിൽ ഉൾപ്പെടുത്തുന്ന നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ?

(ഡി) പരമാവധി എത്ര തുകയാണ് 'മാർജിൻ മണി' സ്കീമിൽ ഉൾപ്പെടുത്തി നൽകുന്നതെന്ന് വിശദീകരിക്കുമോ?

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നോൺ റസിഡന്റ് കേരളീയർ ആരംഭിക്കുന്ന യൂണിറ്റുകൾക്ക് പരമാവധി 5 ലക്ഷം രൂപയും മറ്റുള്ളവയ്ക്ക് പരമാവധി 2.5 ലക്ഷം രൂപയും ആണ് മാർജിൻ മണി വായ്പയായി നൽകുന്നത്. ഖാദി വ്യവസായങ്ങളുടെ ഭാഗമായി തുടങ്ങുന്ന ചെറുകിട വ്യവസായങ്ങൾക്ക് 30% മാർജിൻമണി ലഭിക്കും.

(ബി) ഉണ്ട്.

(സി) സർക്കാർ ഉത്തരവുകൾക്കനുസൃതമായി ലഭിച്ചിട്ടുള്ള അപേക്ഷകർ അംഗീകരിക്കുന്നതാണ്.

(ഡി) നോൺ റസിഡന്റ് കേരളീയർ ആരംഭിക്കുന്ന വ്യവസായ യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപയും മറ്റുള്ളവയ്ക്ക് 2.5 ലക്ഷം രൂപയുമാണ്.

3 (559) ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. നാലകത്തു സൂപ്പി :

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-1996, 1996-97 കാലഘട്ടങ്ങളിൽ സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചിരുന്നു. ഈ കാലഘട്ടത്തിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങൾ ഏതെല്ലാം;

(ബി) ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്നതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 1995-96 കാലഘട്ടത്തിൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ അനുബന്ധം 1 ൽ കൊടുത്തിരിക്കുന്നു.†

1996 - 97 കാലഘട്ടത്തിൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ അനുബന്ധം 2 ൽ കൊടുത്തിരിക്കുന്നു.†

1995 - 96 നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ അനുബന്ധം 3 ൽ കൊടുത്തിരിക്കുന്നു.†

1996 - 97 ൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ അനുബന്ധം 4 ൽ കൊടുത്തിരിക്കുന്നു.†

(ബി) ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ അനുബന്ധം-5ൽ കൊടുത്തിരിക്കുന്നു.†

ഇപ്പോൾ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ അനുബന്ധം - 6 ൽ കൊടുത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly